Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നമ്പർ. 34940/ഇ.യു.3/13/തസ്വഭവ

തദ്ദേശ സ്വയംഭരണ(ഇ.യു)വകുപ്പ്,
തിരുവനന്തപുരം,
തീയതി : 17/07/2013

## സർക്കുലർ

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - കണ്ടിജന്റ് - റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം - കാലതാമസം ഒഴിവാക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 25/5/2013 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ് 6005/പെൻ3/2013 നമ്പർ കത്ത്

****

ഭൂരിഭാഗം നഗരസഭകളിലെയും റഗുലർ-കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകങ്ങൾ ശമ്പളനിർണ്ണയങ്ങൾ യഥാസമയം അംഗീകരിക്കുന്നതിനായി അതാത് ശമ്പള പരിഷ്കരണ ഘട്ടങ്ങളിൽ ആഡിറ്റിന് സമർപ്പിക്കുന്നില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില നഗരസഭകൾ ജീവനക്കാർ പെൻഷൻ പറ്റി മാസങ്ങൾ കഴിഞ്ഞാലും അവരുടെ സേവനപുസ്തകങ്ങൾ അംഗീകാരത്തിനോ പെൻഷൻ ശുപാർശ ചെയ്യുന്നതിനോ ലഭ്യമാക്കുന്നില്ല. ഈ കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ വൈകുന്നതിനാൽ ജീവനക്കാർ കോടതിയെ സമീപിക്കുകയും സർക്കാരിനെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെയും കക്ഷിചേർത്ത് കേസ് ഫയൽ ചെയ്യുകയും ചെയ്യുന്നു. അതാത് കാലയളവിൽത്തന്നെ ശമ്പളനിർണ്ണയങ്ങൾ നടത്തി ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കാത്തതിനാൽ യഥാസമയങ്ങളിലുള്ള അപാകതകൾ പരിഹരിക്കുവാനും ടി വകുപ്പിന് കഴിയുന്നില്ല. നഗരസഭാ-മുനിസിപ്പൽ സെക്രട്ടറിമാർക്ക് ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ ഫലപ്രാപ്തി കാണുന്നില്ല. നഗരസഭാ സെക്രട്ടറിമാരുടെ ഇത്തരത്തിലുള്ള വീഴ്ചകൾ യാതൊരു വിധത്തിലും അംഗീകരിക്കാനാവില്ല. പെൻഷൻ അപേക്ഷകൾ ഒരു വർഷം മുമ്പുതന്നെ ഓഡിറ്റിന് ലഭ്യമാക്കണമെന്നതാണ് നിലവിലുള്ള നിർദ്ദേശം. ആയത് കൃത്യമായും

പാലിക്കണമെന്ന് എല്ലാ മുൻസിപ്പൽ /കോർപ്പറേഷൻ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകുന്നു.

ഈ നിർദ്ദേശം നടപ്പിലാക്കുന്നതിലെ വീഴ്ച സർക്കാർ ഗൌരവമായി കാണുന്നതും വീഴ്ച വരുത്തുന്ന സെക്രട്ടറിമാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിന് നഗരകാര്യ ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതും വീഴ്ച യഥാസമയം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

ഡോ.രാജൻ ഖോബ്രഗഡേ
സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ